

## പോസ്റ്റുലൻസി

*"തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യ നാകുക സാധ്യമല്ല"* (ലൂക്കാ. 14:33)

മനുഷ്യരോടുള്ള അതിരറ്റ സ്നേഹംമൂലം സ്വർഗ്ഗം വിട്ട് ഭൂമിയിലേയ്ക്കിറങ്ങിയ ദിവ്യഗുരുവിന്റെ വിളിയോട് ഏറ്റവും ഭാവാത്മകമായി പ്രതികരിക്കുകയാണ് പോസ്റ്റുലൻസി കാലഘട്ടത്തിൽ. അർത്ഥിനികൾ തങ്ങളുടെ വിളിയുടെ ആഴവും അർത്ഥവും മനസ്സിലാക്കി ദൈവത്തോട് ചേർന്ന് നൊവീഷ്യേറ്റിൽ പ്രവേശിക്കുന്നതിനുള്ള ഏറ്റവും അടുത്ത ഒരുക്കത്തിന്റെ കാലമാണിത്. ലൗകികജീവിതത്തോട് വിട പറഞ്ഞ് സന്യാസജീവിത്തിന്റെ ശൈലി അവർ സ്വന്തമാക്കുന്നു. തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് യതാർത്ഥ ശിഷ്യത്വത്തിന്റെ മൂല്യങ്ങളിലേയ്ക്ക് അവർ വളരുന്നു. ഈശോയോടുള്ള സ്നേഹത്തെപ്രതി സ്വന്തം ഇഷ്ടങ്ങളെല്ലാം അവിടുത്തേയ്ക്ക് യാഗപുഷ്പങ്ങളായി അർപ്പിക്കുവാൻ അവർ ശീലിക്കുന്നു. ആരാധനാ സന്യാസിനീ സമൂഹത്തിന്റെ പൈതൃകത്തോടും പാരമ്പര്യങ്ങളോടും നിയമങ്ങളോടും ഒന്നു ചേരുന്നതുവഴി ദിവ്യകാരുണ്യ സംസ്ക്കാരത്തിന്റെ മനോഹാരിത ഗ്രഹിക്കുവാനും അത് ജീവിക്കുവാനും പോസ്റ്റുലൻസി ഘട്ടം സഹായിക്കുന്നു.